# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3085 — 07.02.2018 -ൽ മറുപടിക്ക്

## ഭൂമി തട്ടിയെടുക്കാനുള്ള ശ്രമം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും നിരാലംബരായവർ പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ഭൂമി തട്ടിയെടുക്കുക എന്ന ലക്ഷ്യത്തോടെ പരിസര വാസികൾ സംഘടിതമായി നടവഴി കെട്ടിയടയ്ക്കുകയും അവരുടെ വഴി നടക്കാനുള്ള അവകാശം മനപ്പൂർവ്വം നിഷേധിക്കുകയും ചെയ്യുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിൽ പരാതി നൽകിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാതെ പോലീസിനെ സമീപിക്കാൻ ആവശ്യപ്പെടുന്നതുമൂലം പരാതിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിശോധിക്കുമോ; | (ബി) റവന്യൂ വകുപ്പിൽ ലഭ്യമാകുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ വിചാരണ ചെയ്ത് പ്രസ്തുത പരാതികൾ കഴിവതും തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. ക്രിമിനൽ നടപടി പ്രകാരം കേസെടുക്കേണ്ട സാഹചര്യത്തിൽ മാത്രമേ പോലീസിനെ സമീപിക്കാൻ നിർദ്ദേശം നൽകാറുള്ളു. |
| (സി) നീതിന്യായ - നിയമ വ്യവഹാരങ്ങളിൽ പ്പെട്ട് സ്വന്തം ഭൂമിയിലേക്ക് കയറാൻ കഴിയാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കളക്ടർ ഇടപെട്ട് അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ? | (സി) ബന്ധപ്പെട്ട കോടതികളുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം കേസ്സുകളിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ